തെങ്ങ് കയറ്റ തൊഴിലാളികൾക്ക് ക്ഷേമനിധി

1044 [1543] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പനകയറ്റ തൊളിലാളികൾക്കും ചെത്തു തൊഴിലാളികൾക്കും വേണ്ടിയുള്ള ക്ഷേമനിധി തെങ്ങുകയറ്റ തൊഴിലാളികൾക്കും ബാധകമാണോ ;

(ബി) ഇല്ലെങ്കിൽ അവർക്കുകൂടി ബാധകമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ചെത്തു തൊഴിലാളികൾക്കായുള്ള ക്ഷേമപദ്ധതി തെങ്ങുകയറ്റ തൊഴിലാളികൾക്ക് ബാധകമല്ല. പന കയറ്റതൊഴിലാളി പദ്ധതിയിൽ തെങ്ങ് കയറ്റതൊഴിലാളിയും ഉൾപ്പെടുന്നുണ്ട്.

(ബി) ഉദിക്കുന്നില്ല.

ബീഡി തൊഴിലാളികൾക്ക് പ്രോവിഡൻറ് ഫണ്ടു വിഹിതം

1045 [1550] ശ്രീ. സി. ടി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തൊട്ടാകെ തൊഴിലുടമകളുടെ കീഴിൽ പണിയെടുക്കുന്ന എത്ര ബീഡി തൊഴിലാളികളിൽ നിന്നു പ്രോവിഡൻറ് ഫണ്ട് പിടിക്കുന്നുണ്ട് ;

(ബി) ബീഡി തൊഴിലാളികളുടെ പ്രോവിഡൻറ് പദ്ധതിക്ക് ആരിൽ നിന്നെല്ലാം വിഹിതം പിടിക്കുന്നുണ്ട് ;

(സി) ബീഡി തൊഴിലാളികളിൽ നിന്നും സംസ്ഥാനത്തൊട്ടാകെ 1986 സെപ്റ്റംബർ 30 വരെ എത്ര രൂപ പി. എഫ്. ഇനത്തിൽ പിടിച്ചിട്ടുണ്ട് ;

(ഡി) തൊഴിലാളികളിൽ നിന്നും പിടിച്ചെടുക്കുന്ന പി. എഫ്. സംഖ്യയുടെ രേഖ തൊഴിലാളികൾക്കു നൽകാറുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ആരാണ് രേഖ നൽകുന്നതെന്നും, എത്ര കാലയളവിനുള്ളിൽ ആണ് രേഖ നൽകുന്നതെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ബീഡി വ്യവസായത്തിൽ പ്രോവിഡൻറ് ഫണ്ട് പദ്ധതി ബാധകമാക്കിയിട്ടുള്ള 52,871 തൊഴിലാളികളുണ്ട്.

(ബി) തൊഴിലാളികളിൽ നിന്നും തൊഴിലുടമകളിൽനിന്നും തുല്യ വിഹിതം പിടിക്കുന്നുണ്ട്.

(സി) 31-3-1985 വരെ ഏകദേശം 240 ലക്ഷം രൂപ പിടിച്ചിട്ടുണ്ട്. 30-9-1986 വരെയുള്ള കണക്കുകൾ ഇപ്പോൾ ലഭ്യമല്ല.

(ഡി) തൊഴിലാളികളുടെ പ്രോവിഡൻറ് ഫണ്ട് വിഹിതത്തെക്കുറിച്ചുള്ള രേഖകൾ വിതരണം ചെയ്യാറുണ്ട്. പക്ഷെ അടുത്ത കാലത്തുണ്ടായ സുപ്രീംകോടതിയുടെ ഉത്തരവു പ്രകാരം ചിലകാലങ്ങളിൽ കണക്കുരേഖകൾ വിതരണം മുടങ്ങിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly